പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.805

28.02.2018 -ലെ മറുപടിയ്ക്ക്

## സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ടി ബൽറാം<br>ശ്രീ.ഹൈബി ഈഡൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ മേഖലയിൽ തൊഴിൽപരമായ ചൂഷണംനടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജില്ലാ ലേബർ ഓഫീസർമാരും (എൻഫോഴ്സ്മെന്റ്), 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ഉൾപ്പെടുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് ചട്ടപ്രകാരം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. മിനിമം വേതനത്തിന്റെ വിവിധ ലംഘനങ്ങൾക്കുള്ള പിഴശിക്ഷ നിയമ ഭേദഗതിയിലൂടെ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച കരട് തൊഴിൽ നയത്തിൽ തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. കേരളത്തിനെ ഒരു സംരംഭക-സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് ലക്ഷ്യമിടുന്നതിനൊപ്പം വികസന പദ്ധതികൾക്ക് വിളനിലമാക്കാനുതകുന്ന ക്രിയാത്മകമായ മാർഗ്ഗനിർദ്ദേശങ്ങളും കരട് തൊഴിൽ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതനസുരക്ഷാ പദ്ധതിയിലൂടെ നാളിതുവരെ ഏകദേശം 6756 സ്ഥാപനങ്ങളിൽ നിന്നും 164126 തൊഴിലാളികൾക്ക് 1583 കോടി രൂപയോളം വിതരണം ചെയ്തിട്ടുണ്ട് ഈ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതു ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനും കൂടുതൽ പ്രയോജന പ്രദമാക്കുവാനും പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട മിക്ക സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തരം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ 2018 ഫെബ്രുവരി മാസം 15 വരെ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ നിയമങ്ങൾ പ്രകാരം 86536 ഇൻസ്പെക്ഷനുകൾ നടത്തുകയും 13334 പ്രോസിക്യൂഷനുകളും 1687 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2016 ൽ ടെക്സ്റ്റൈൽ മേഖലയിലും 2017 ൽ സെക്യൂരിറ്റി മേഖല, സ്വകാര്യ ഹോസ്പിറ്റൽ മേഖല, നിർമ്മാണമേഖല എന്നിവയിലും സ്പെഷ്യൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (സി) ഐ.ടി. മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം സംബന്ധിച്ചും അത് ഉണ്ടാക്കുന്ന | സി) ഇല്ല |

മാനസിക സമ്മർദ്ദത്തെക്കുറിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) തൊഴിലാളികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് യോഗാ ക്ലാസ്സുകളും കൗൺസിലിംഗും സംഘടിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ?

ഡി) അതാത് തൊഴിൽ മേഖലകളിൽ പ്രത്യേകം പരിശോധിക്കുവാൻ കഴിയുന്നതാണ്.

Sreelekha
സെക്ഷൻ ഓഫീസർ